# കയ്യൊപ്പ്

## -Signature



a publication by

Somerset Malayalee Cultural Association (SMCA), Yeovil

September 2018



# INNOVATIVE INSPIRED INDIAN CUISINE



MINT ROOM®

*Indian Dining*

## TANTALISING BAR FOOD





## FABULOUS COCKTAILS





Luthfur Rahman is the founder of Viceroy and Mint Room fine dining Indian Restaurants in the South West of UK. The son of Bengali parents Luthfur was born and raised in the London's East End, he wanted to break free from the criminality and surroundings of Upton Park with a vision to run his own business and making a better life. Once he left school he and two friends worked hard and saved money, once they had enough, the scoured the UK for a part of the country where Indian Restaurants were in short supply.

Somerset was the destination and Viceroy was born in Yeovil in 1995. At the tender age of just 22, Luthfur poured his heart and soul into Viceroy, undoubted passion to provide the highest quality of cooking for his customers. Viceroy's delicious cooking speaks for itself from familiar favourites that have made Indian cuisine so well loved across the nation to adventurous and tantalising signature dishes.



Following the huge success of Viceroy in 2011 Luthfur launched Mint Room, daring to be different and pushing for even higher standards the concept of fine dining Indian cuisine started here. Using first rate British ingredients (local where possible) with an Executive Chef Saravanan Nambirajan who hails from a Michelin rated background, Mint Room emphasises luxurious combinations, it is all about innovation, drawing upon tradition and modern Indian cuisine in sumptuous surroundings. Mint Room leads the way in offering as uniquely different and diverse experience in which to enjoy exciting food and drink. In addition Mint Room's Piper Heidseick Rooftop champagne bar offers both a visual and gastronomic treat. All from one young man, with a passion to escape the life he grew up in and a vision to be different this success story continues to grow.

## OUR RESTAURANTS

**Mint Room**
**Indian Dining**
12-16 Clifton Road
Clifton
Bristol BS8 1AF
Tel: (01173) 291 300

**Mint Room**
**Indian Dining**
Longmead Gospel Hall
Lower Bristol Road
Bath BA2 3EB
Tel: (01225) 446 656

**Viceroy**
**Indian Restaurant**
100 Middle Street
Yeovil, Somerset
BA20 1NE
Tel: (01935) 421758

**Cinnamons**
**Indian Restaurant**
10 South Street
Axminster
BEX13 5AD
Tel: (01297) 631175
or 631185

BRITISH Curry Awards




All round affordable cartridges
.......... Even originals!!
Save up to 50% against Originals when you go for compatible equivalent
All your printer and stationery needs
Hundreds of items in stock
Free next day delivery!!
Within 30 miles
Up to 80% off stationery!
Best deals anywhere. Check us out
Everything you need...
OfficeWyse
& CartridgeWyse
46 Princes Street, Yeovil, BA20 1EQ
01935 433000
www.officewyse.co.uk
info@officewyse.co.uk




a publication by

## Somerset Malayalee Cultural Association (SMCA), Yeovil

### Editorial Board
Chief Editor
Tojo Palatty

### Sub Editors
Baby Varghese
Shijumon Joseph

### Marketing Head
Jose Abraham

### Office - Bearers of SMCA

| | | |
|---|---|---|
| President | : | Shijumon Joseph |
| Secretary | : | Baby Varghese |
| Vice President | : | Johns Thomas |
| Joint Secretary | : | Tojo Palatty |
| Treasurer | : | Raju Paulose |

### Photos
Thomas Eapen (Including cover photo)
Nivil Lonakkutty

### Design
Joseph Francis
Trinityminds, Pala
+ 91 9447137342
josephfrancispala@gmail.com

### Printed at
Snell Print Ltd.
Yeovil, U.K.
September - 2018

# ഇതളുകൾ

# index


1. **എഡിറ്റോറിയൽ** - ടോജോ പാലാട്ടി, ജോയിന്റ് സെക്രട്ടറി - 6

2. **ആശംസിക്കുന്നു ഒരു നല്ല കാലം**: ഷിജുമോൻ ജോസഫ്, പ്രസിഡന്റ് - 7 - 8

3. **എസ്. എം. സി. എ.: നാൾവഴികളിലൂടെ** - ബേബി വർഗീസ് - 9 - 11

4. **പെൺകുട്ടിയെ പ്രണയിച്ച പൂവ്**: റിന്റു വർഗീസ് - 12

5. **Is academic education enough to sustain a fruitful life?** : Manuel Varghese Baby - 13 - 15

6. **Rolleroaster** : Jeswina Raju - 16

7. **ഒരു ശരത്കാല രാവ്**: ജിന്റോ ജോസ് - 17 - 18

8 **കിളിവാതിൽ**: ഉമ്മൻ ജോൺ - 20 - 21

9. **ലഹരി ഒരു പ്രതിയോഗി**: സ്റ്റാൻറോസ് ആന്റണി - 22 - 23

10. **അകലങ്ങളിൽ**: വിദ്യാ സന്തോഷ് - 25 - 26

11. **Her** - Santhwana Oommen - 27

12. **Where Two worlds Meet** - Sneha Siju - 29

13. **എന്റെ സ്വപ്നങ്ങളിലെ ഇന്ത്യ**: മിന്റു സെബാസ്റ്റ്യൻ - 30

14. **Accident:** Austin Jose - 31 - 33

15. **യുവത്വവും സ്വപ്നങ്ങളും**: റിന്റു വർഗീസ് - 34

16. **The winner: Amala Andrews** - Jose varghee - 35

17. **Oral health:** Dr. Divya Tojo - 36 - 38

18. **The Sea side:** Kaitlin Chacko - 39

19. **As I walk in to the field:** Ann Mary Baby - 41

20. **Lose:** Amala Louise - 42

21. **നീർക്കുമിള**: ഷിജുമോൻ ജോസഫ് - 43 - 44

22. **Words of Steve Jobs** - 45 - 46

23. **Drawing & Painting** - 46 - 47












# ഒരു മെഴുതിരി വെട്ടമായ് ...

എഡിറ്റോറിയൽ




**ടോജോ പാലാട്ടി**
**ജോയിന്റ് സെക്രട്ടറി**


ശാസ്ത്രം മനുഷ്യനെ വളർച്ചയുടെ കൊടുമുടിയിലെത്തിച്ചപ്പോൾ അവന്റെ ജീവിതത്തിനു തിരക്കേറി. മനുഷ്യൻ വളരും തോറും അവന്റെ മുഖത്തെ നൈർമല്യം മങ്ങിവരുന്നു. അവൻ തന്നിലേക്ക് തന്നെ ഒതുങ്ങി വ്യക്തിബന്ധങ്ങളെ ശിഥിലീകരിക്കുന്നു. അതിരു കവിഞ്ഞ സ്വന്തം സ്വപ്നങ്ങളെ പൂവണിയിക്കാനും സാമ്പത്തിക ഭദ്രത കൈവരുത്താനും സ്വാർഥത മുറ്റിയ മുഖവുമായി അവൻ മുന്നോട്ടു നീങ്ങുമ്പോൾ അസത്യവും അനീതിയും അക്രമവുമാണ് എവിടെയും മുന്നേറുന്നത്. തത്ഫലമായി സമൂഹ മധ്യത്തിൽ അസ്വസ്ഥതയും നിസ്സഹായതാബോധവും വളരുന്നു. സാമൂഹ്യ പുരോഗതി അപ്രാപ്യമായ ഒരു മരീചികയായി മാറുന്നു. ജീവിതത്തിന്റെ ബാഹ്യതലത്തിൽ വന്നിട്ടുള്ള ഇത്തരത്തിലുള്ള മാറ്റങ്ങളുടെ പ്രത്യാഘാതമെന്നോണം കുടുംബബന്ധങ്ങളുടെ കെട്ടുറപ്പും പിതൃ–പുത്ര ബന്ധങ്ങളുടെ രൂപഭാവങ്ങളും ഇപ്പോൾ മാറി വരുന്നില്ലേ? ഇതിന്റെ ഫലമായി ഓരോ വ്യക്തിയുടെയും അന്തരാത്മാവിലൂടെ നന്മയും തിന്മയും സംഘട്ടനം നടത്തുമ്പോൾ നമുക്ക് നഷ്ടമാവുന്നത് മനഃശാന്തിയല്ലേ? മനസ്സ് നിറയെ കാളിമയും മുഖമൊക്കെ കാർക്കശ്യവുമായി ഇന്ന് മനുഷ്യ രൂപങ്ങളാകെ കോടിപ്പോയിരിക്കുന്നു. ധാർമ്മികതയും എളിമയും സേവന തത്പരതയുമൊക്കെ സമൂഹത്തിനു അന്യമായിക്കൊണ്ടിരിക്കുന്നു. സത്യവും നീതിയും സ്നേഹവുമൊക്കെ വിജയിക്കുന്നതിനു ഓരോ വ്യക്തിയിലും കുടികൊള്ളുന്ന നന്മയെയും തിന്മയെയും കുറിച്ച് അവബോധമുണരണം. അവയുടെ വളർച്ചക്ക് ഈ പ്രസിദ്ധീകരണം ഉപകാരപ്പെടണം എന്ന ഉദ്ദേശ്യലക്ഷ്യം മാത്രമാണ് ഞങ്ങൾക്ക്. ഇതിലെ ഓരോ ചിന്തകളും എഴുത്തുകളും അവരുടെ കയ്യൊപ്പുകളാണ്. നിങ്ങളുടെ പ്രശ്നങ്ങളും ഉത്തരങ്ങളുമാണ് താളുകൾ മറിക്കുമ്പോൾ കണ്ടെത്തുന്നതെങ്കിൽ ഈ പ്രയത്നം വിജയിച്ചു. അതുകൊണ്ടു തന്നെ ഈ പ്രസാധനം പിൽക്കാലത്തും വായിക്കുവാനും ചിന്തിക്കുവാനും പ്രയോജനപ്പെടുമെന്ന് തന്നെയാണ് ഞങ്ങളുടെ വിശ്വാസം. ഒരു നല്ല നാളെയിലേക്ക്, സദാചാര ബോധത്തിലേക്ക്, സംസ്കാരത്തിന്റെ സമ്പന്നതയിലേക്കു കൈപിടിച്ചുയർത്താൻ ഈ പ്രസിദ്ധീകരണം ഒരു മെഴുതിരി വെട്ടമെങ്കിലുമായെങ്കിൽ, ഒരിത്തിരിയെങ്കിലും ഉപകാരമായെങ്കിൽ, ഞങ്ങൾ കൃതാർഥരായി. ലഘുവാണെങ്കിലും ഇതിനു പിന്നിൽ ഒരുപാടു കഷ്ടപ്പാടുകളുണ്ട്. ഈ സമാഹാരത്തിനു പലരുടെയും സഹായ സഹകരണങ്ങൾ പ്രോത്സാഹനമായതു കൃതജ്ഞതയോടെ ഓർക്കുന്നു.

പ്രിയ വായനക്കാരെ, നിങ്ങളുടെ ആസ്വാദനത്തിനും വിമർശനത്തിനുമായി ഈ സമാഹാരം നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു.



PRESIDENT SPEAKS

# ആശംസിക്കുന്നു
# ഒരു നല്ല കാലം

**ഷിജുമോൻ ജോസഫ്**
**പ്രസിഡന്റ്**

ജനനവും മരണവും അതിരു തിരിക്കുന്ന ഈ ഭൗമീക വാസത്തിൽ, ഭൂത ഭാവി വർത്തമാനങ്ങളുടെ സഞ്ചിത മുഹൂർത്തവും സംഭവബഹുലവുമായ ഒരു കാലഘട്ടത്തിലാണ് നാമിന്ന്. എന്തൊക്കെയാണ് ഇനി ഇവിടെ എന്ന് ഉറ്റുനോക്കുന്നവരുടെ എണ്ണവും കൂടുന്നു. ചുറ്റുപാടുകളിൽ കണ്ട ഭീകരമായ അപഭ്രംശത്തിന്റെ ചിത്രങ്ങൾ മറിഞ്ഞ താളുകളിൽ ഉറങ്ങി കിടക്കുന്നതും മനുഷ്യൻ അറിയുന്നു. ഇവിടെ തകർന്ന മൂല്യ ബോധങ്ങൾ കറുത്ത കൊടിയുയർത്തുന്ന ഒരു ശ്മശാന ഭൂമിയിലേക്കാണോ നാം നടന്നു നീങ്ങുന്നത്? അതോ മനസ്സിൽ സ്നേഹത്തിന്റെ സൂര്യോദയം സൂക്ഷിക്കുന്ന ഒരു യുഗത്തിലേക്കോ? വഴിയും ഉത്തരവും മനസ്സിൽ സൂക്ഷിക്കേണ്ടത് നമ്മളാണ്. നമ്മുടെ ബന്ധങ്ങൾ സന്ധിയില്ലാതെ വിശാലമാകുന്ന ഒരു സമയത്തിൽ ദൈവവും മനുഷ്യനും പ്രകൃതിയും വിഭിന്നതകളല്ലെന്നു തിരിച്ചറിയുക. മനുഷ്യനെയും പ്രപഞ്ചത്തെയും ഉപഭോഗ വസ്തുവാക്കുന്ന കമ്പോള സംസ്കാരത്തോടു വിട ചോദിക്കുക.
ദൈവീകതയിലേക്കുറ്റുനോക്കി നാളത്തെ സമൂഹസൃഷ്ടിയിൽ പങ്കുചേരാം. എന്നിൽ നിന്നും മാറി നിൽക്കുന്ന ഒന്നും ഇവിടെ ഇല്ല. എല്ലാം എന്റെ ഭാഗമാണ്. എന്റെ നോവുകൾ പ്രപഞ്ചത്തിന്റെയും പ്രപഞ്ചത്തിന്റെ എന്റേതുമാണ്.

പ്രവണതകളെ പ്രത്യയ ശാസ്ത്രമാക്കുന്ന ഈ കാലം ഒരു പുതിയ കാലത്തിനു വഴിമാറേണ്ടതുണ്ട്. ഒരായിരം കിനാക്കളെരിയുന്ന ജീവിതത്തിന്റെ നെരിപ്പോടിൽ നിന്നും അനുഭവങ്ങളുടെ ഊർജവുമായി ഇരുളിന്റെ മാറിൽ ജീവനായി എരിയാൻ നിർമ്മലതയുടെ നിലവെളിച്ചം പോലെ നിറവോടെ ഒരു കാലം നമ്മുടെ സ്വപ്നമാണ്. നീണ്ട നാളത്തെ കഠിനതപസ്സിനും അദ്ധ്യായനത്തിനും ശേഷം ഗുരുദക്ഷിണയും നൽകി രണ്ടു യുവ സന്യാസികൾ ഗുരുവിന്റെ അനുഗ്രഹവും വാങ്ങി ഗ്രാമങ്ങളിലേക്കും നഗരങ്ങളിലേക്കും സദ്വാർത്തയുടെ സംവാഹകരാകാൻ യാത്രയായി. ഒന്നാമൻ പാപപുണ്യങ്ങളേക്കുറിച്ചു നാട് നീളെ പ്രഭാഷണ പരമ്പരനടത്തി. വേദനകളും നൊമ്പരങ്ങളുമായി ഒട്ടേറെപ്പേർ ഓടിക്കൂടി. പഠിച്ചുറച്ച മന്ത്രങ്ങൾ ശബ്ദസൗന്ദര്യത്തോടെ മുഴങ്ങിയപ്പോൾ നൈമിഷിക സാന്ത്വനത്തിന്റെ ലഹരിയിലേക്കവർ എടുത്തെറിയപ്പെട്ടു. എന്നാൽ അതിനുശേഷം പതിവുവഴികളിലൂടെ പഴയ ചെയ്തികളുമായി അവർ നടന്നു. ജനങ്ങൾ തങ്ങളുടെ ജീവിത സുഖങ്ങളുടെ മാറാപ്പു അഴിച്ചപ്പോൾ ഒരു വലിയ ആശ്രമം പണിതു സന്യാസി കന്മതിലുകളുടെ സുരക്ഷിതത്വത്തിലേക്കു ഒതുങ്ങി. അവിടെ നരിച്ചീറുകളുടെ സ്വര ഭീകരതക്കും കടവാവലുകളുടെ ഭയാനകമായ ചിറകടിയൊച്ചക്കും ഇരുളിന്റെ നിർവികാരതക്കും അപര്യാപ്തമായ വാഗ്സഞ്ചാരത്തിനും മദ്ധ്യേ അയാൾ തപസ്സുചെയ്തു. തപസ്സു സുഖമായി, ആസക്തിയായി, സുരക്ഷിതത്വമായി!

എന്നാൽ രണ്ടാമൻ താൻ പഠിച്ച മന്ത്രങ്ങളും തപസ്സും കർമ്മത്തിൽ സമന്വയിപ്പിച്ചു. പത്മാസനത്തിലിരിക്കലല്ല ആവശ്യക്കാരന്റെ അടുത്തിരിക്കലാണ് തപസ്സെന്നു അവനുബോധ്യമായി. കാട്ടിലെ പൂക്കളും മരങ്ങളും മൃഗവും പുഴയുമെല്ലാം അവനു ഗുരുവായി. ഗുരുവചസ്സുകളുടെ പ്രസാദത്തിൽ മനസ്സ് ജ്വലിച്ച ആശ്രമത്തിലെ അതിഥികളും അഭയം തേടിയവരും അയാളിൽ സന്യാസത്തിന്റെ പൊരുളു ദർശിച്ചു. രുദ്രാക്ഷത്തേക്കാളുപരി അപരന്റെ മുറിവുകളിലൂടെ ആ കരങ്ങൾ കടന്നു പോയപ്പോൾ അയാൾ ദൈവത്തെ കണ്ടു.... ദൈവത്തെ തൊട്ടു... ദൈവ സ്വരം കേട്ടു.
'ഖാണ്ഡേക്കർ യയാതി' യുടെ 62 -ാം പേജിൽ ഇങ്ങനെ പ്രതിപാദിക്കുന്നു. 'ലോകത്തെ പരിത്യജിച്ചു വനത്തിലേക്ക് ഒളിച്ചോടുന്നവനല്ല, ലോകത്തെ ജയിച്ചു അതിൽ സ്വന്തം വ്യക്തിമുദ്ര



> മൂന്നു വയസ്സുകാരി അക്രമിക്കപ്പെടുമ്പോഴും കൂട്ട മരണങ്ങൾ പതിവ് വാർത്തയാകുമ്പോഴും, ഒരു മൂന്നാം ലോക മഹായുദ്ധത്തിന് അകലങ്ങളിൽ ഭേരി മുഴങ്ങുമ്പോഴും ഗുണ്ടായിസവും കൊലപാതകവും നാട് ഭരിക്കുന്നവന്റെ കഴിവിന്റെ മാനദണ്ഡങ്ങളാകുമ്പോഴും സ്നേഹഗീതം ആലപിക്കപ്പെടേണ്ട ഓടക്കുഴലിന്റെ തുളയടച്ചു കുറുവടിയാക്കേണ്ട കാലമാണോ ഇതെന്ന് സംശയിച്ചു പോകുന്നു.

പതിപ്പിക്കുന്നവനാണ് സന്ന്യാസി' എന്ന്. മനുഷ്യന്റെ ഓരോ കിതപ്പിലും കുതിപ്പിലും വളർച്ചയുടെ ദാഹമുണ്ട്. അളവ് കോലിലൊതുങ്ങാത്ത സ്വപ്നങ്ങളും സങ്കല്പങ്ങളുമായി സുഖഭോഗങ്ങളുടെ പുതിയ മേച്ചിൽ പുറങ്ങളിലേക്കു അവൻ അനുനിമിഷം നീങ്ങിക്കൊണ്ടിരിക്കുന്നു. അതേ സമയം നേട്ടങ്ങളുടെ പട്ടിക അംബരചുംബികളാകുമ്പോഴും കണ്ണും കാതും കാതങ്ങളോളം സഞ്ചരിച്ചെത്തുമ്പോഴും കണ്ണ് നീരിന്റെ നനവ് തുടച്ചു നീക്കാനാവാത്ത യാഥാർഥ്യമായി അവശേഷിക്കുമ്പോൾ സ്ഥലകാല ഭേദമില്ലാതെ മനുഷ്യനെ തേടിയെത്തുന്നത് ഇരുളും വെളിച്ചവും ഇടകലർന്ന ജീവിതമാണ്. ഓരോ പ്രഭാതത്തിലും വിശപ്പിന്റെ വിളിക്കുമുന്നിൽ തളർന്നു വീഴുന്ന മനുഷ്യക്കോലങ്ങളുണ്ട്. ദുരന്തങ്ങളുടെ അവശിഷ്ടങ്ങളിൽ ചതഞ്ഞരയുന്ന ജീവന്റെ പിടച്ചിലുണ്ട്. പരദൂഷണത്തിന്റെ കുരിശു യാത്രകളുണ്ട്. രോഗം കാർന്നു തിന്നുന്നവന്റെ നിശ്വാസമുണ്ട്. നക്ഷത്രങ്ങളുടെ ലോകത്തുകൂടു തേടുന്നവന്നവന്റെ മനസ്സും സങ്കീർണമല്ലേ?

നീതിയും ശാന്തിയുമെവിടെന്ന ചോദ്യങ്ങൾ ശ്രദ്ധിക്കപെടാത്ത ലോകത്തു സാധാരണക്കാരന്റെ ശബ്ദം അപശബ്ദമായി മാറുമ്പോൾ, നീതിവിളമ്പുന്ന മാനദണ്ഡങ്ങൾ അവന് എത്തി പിടിക്കാനാവാത്തത്ര ഉയരങ്ങളിലല്ലേ? നേതൃത്വത്തിന്റെ നാവിൽ നേരും നെറിയും നേരം പോക്കിന്റെ വെറും മൊഴിമാറ്റമായി മാറുമ്പോൾ, നുണ പറഞ്ഞവന്റെ ശരി തെറ്റായിരുന്നെന്ന സത്യം അവന്റെ തന്നെ വിജയ മന്ത്രമാകുമ്പോൾ, തലപ്പത്തിരിക്കുന്നവരുടെ ലോകം വിചിത്രമായി മാറുമ്പോൾ, സാധാരണക്കാരൻ തരം തിരിവുകളുടെ വ്യവസ്ഥിതികൾക്കു മുമ്പിൽ തരം താഴ്ത്തപ്പെടുകയും ഒന്നുമില്ലാത്തവനുമാകുന്നില്ലേ? അധികാരത്തിന്റെ പുതിയ സിംഹാസനങ്ങളിൽ വാഴുന്ന 'ആധുനിക മഹാരാജാക്കൻമാരുടെ' വ്യർത്ഥമായ ഉടമ്പടികളുടെയും അന്ധമായ ദേശീയ വാദത്തിൻന്റെയും പൊരുളറിയാതെ, അഭയമില്ലാതെ അലയുന്ന ജനതയുടെ നൊമ്പരം ഇന്ന് കൗതുകമുണർത്തുന്ന വാർത്തകളായി മാറുന്നില്ലേ? ഇത് ആവർത്തനം മാത്രം! സ്വാതന്ത്ര്യാനന്തര സംഭവ വികാസങ്ങളുടെ തനിയാവർത്തനം! മൂന്നുവയസ്സുകാരി അക്രമിക്കപ്പെടുമ്പോഴും കൂട്ടമരണങ്ങൾ പതിവ് വാർത്തയാകുമ്പോഴും ഒരു മൂന്നാം ലോക മഹായുദ്ധത്തിന് അകലങ്ങളിൽ ഭേരി മുഴങ്ങുമ്പോഴും ഗുണ്ടായിസവും കൊലപാതകവും നാട് ഭരിക്കുന്നവന്റെ കഴിവിന്റെ മാനദണ്ഡങ്ങളാകുമ്പോഴും സ്നേഹഗീതം ആലപിക്കപ്പെടേണ്ട ഓടക്കുഴലിന്റെ തുളയടച്ചു കുറുവടിയാക്കേണ്ട കാലമാണോ ഇതെന്ന് സംശയിച്ചു പോകുന്നു. സാക്ഷരതയുടെ സമ്പന്നതയിൽ അഭിമാനിക്കുന്നവരുടെ സാംസ്കാരികബോധത്തിന്, ഹിംസയുടെ സംസ്കാര ദോഷങ്ങൾക്കുനേരെ മിഴിപൂട്ടാനാവുന്നില്ല.

ഇപ്രകാരം നോവും വ്യഥയുമായി ജീവിതം വഴിമുട്ടുമ്പോൾ ഇരുളുമൂടുന്ന പ്രതലത്തിലും വെളിച്ചം വീശുന്ന പ്രഭാതങ്ങളായി ഒരു നല്ലകാലം വരണം. ഇന്നിന്റെ ദുഃഖം നാളെയുടെ ആനന്ദത്തെ തിരിച്ചറിയാനും ആസ്വദിക്കാനുമുള്ള മുന്നൊരുക്കമായി മാറുമ്പോൾ, ഇരുട്ടിനെ പേടിക്കാതെ പ്രത്യാശയുടെ ഒരു നാളമെങ്കിലും നെഞ്ചോടമർത്തുമ്പോൾ അർത്ഥം നഷ്ടപ്പെടാത്ത ഒരു ജീവിതത്തെ അന്ത്യം വരെ മുന്നോട്ടു കൊണ്ട് പോകുവാൻ ആ ദിനങ്ങൾ നമുക്ക് ശക്തികളാകണം. നിലച്ചുപോയ ശബ്ദവും, അടർന്നുപോയ കണ്ണുനീരും, മാഞ്ഞുപോയ പുഞ്ചിരിയും പുനർജനിക്കാത്ത ഒരു കാലം. ഇന്നേവരെ വിരിഞ്ഞിട്ടില്ലാത്ത ഒരു പൂമൊട്ട് എനിക്കും നിങ്ങൾക്കുമായി ഇതൾ വിരിക്കുമോ? ആ ഒരു പ്രതീക്ഷയാണ് നമ്മുടെ ജീവിതത്തെ ചലനാത്മകമാക്കുന്നത്. കാരണം, ജീവിതത്തെ ചലനാത്മകമാക്കുന്നത് അതിൽ നവീനത്വം ദർശിക്കാനാകുമ്പോഴാണല്ലോ. ജീവിതം വെറും ആവർത്തനമല്ലെന്ന ഈ തിരിച്ചറിവിന്റെ മുഹൂർത്തമാണ് നമ്മെ വീണിടത്തുനിന്നെഴുന്നേൽക്കുവാനും നിന്നിടത്തുനിന്ന് മുമ്പോട്ടുനീങ്ങുവാനും നമുക്ക് ശക്തിപകരുന്നത്. ജീവിതത്തിൽ പുറം തിരിഞ്ഞു നിന്നവൻ എന്നും അസ്തമയം മാത്രമേ കണ്ടിട്ടുള്ളു. കണ്ണടച്ച് നീങ്ങുന്നവനാകട്ടെ ഇരുട്ടിന്റെ ലോകത്തായിരിക്കും താനും. എന്നാൽ കണ്ണ് തുറന്നു പിടിച്ചു മുന്നോട്ടു ചുവടു വെക്കുന്നവന് ഓരോദിനവും പുതുമ നിറഞ്ഞതാണ്. കൂടുതൽ സുന്ദരങ്ങളാണ്! ഇന്നലെയുടെ നഷ്ടദുഃഖങ്ങളിൽ കുതിർന്നതോ നാളെയുടെ ഉത്കണ്ഠകളിൽ ചുട്ടുപഴുത്തതോ ആകാതിരിക്കട്ടെ നമ്മുടെ ജീവിതം. മറിച്ച് മുന്നിൽനിന്നും പിന്നിൽ നിന്നും കടം കൊള്ളാത്ത ചൈതന്യവത്തായ ഒരു നല്ല കാലം ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു!

# SMCA നാൽ വഴികളിലൂടെ...





**ബേബി വർഗീസ്**
ജനറൽ സെക്രട്ടറി

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. സമൂഹത്തെ മറന്നു ജീവിക്കുവാൻ ഒരിക്കലും മനുഷ്യന് കഴിയുകയില്ല. ജീവിതത്തിലെ ഏറ്റവും ചെറിയ കാര്യങ്ങൾക്കു പോലും മനുഷ്യൻ സമൂഹവുമായി കടപ്പെട്ടിരിക്കുന്നു. ഉദാഹരണമായി നാം ഒരു ഗ്ലാസ് ചായ കുടിക്കുന്നു എന്നിരിക്കട്ടെ. ആ ചായ ഗ്ലാസ്സിലായി നമ്മുടെ സമീപത്തു വരുന്നതിനായി നൂറു കണക്കിനാളുകളുടെ സേവനം ആവശ്യമാണ്. ഏതോ തോട്ടത്തിൽ ആരോ കൃഷി ചെയ്തുണ്ടാക്കുന്ന തേയിലയുടെ കുരുന്നു നുള്ളിയെടുത്തു ഫാക്ടറിയിലെത്തിച്ചു തേയിലപ്പൊടിയാക്കി പായ്ക്കറ്റുകളിൽ നിറച്ചു കടകളിലെത്തിക്കുന്ന പ്രക്രിയയുടെ ഓരോ ഘട്ടത്തിലും അനേകം പേരുടെ അധ്വാനമാണുള്ളത്. ചായയിൽ ചേർത്തിരിക്കുന്ന പഞ്ചസാരയുടെയും പാലിന്റേയുമൊക്കെ പിന്നിലെ പ്രക്രിയകൾ വേറെ! സമൂഹത്തിൽ നിന്നും വേറിട്ട് കൊണ്ട് മനുഷ്യന് നിൽപ്പില്ല എന്നതാണ് സാരം. സമൂഹത്തിൽ നിന്നും പലതും സ്വീകരിക്കുമ്പോൾ സമൂഹത്തിനു വേണ്ടി പലതും ചെയ്യുവാൻ നമുക്കും കടാപ്പാടുണ്ട്. സമൂഹത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ശീലം ചെറുപ്പത്തിലേ തന്നെ വളർത്തിയെടുക്കേണ്ടതുണ്ട്. അല്ലെങ്കിൽ സ്വാർത്ഥമതികളായ, തന്നിഷ്ടപ്രകാരം ജീവിക്കുന്ന വ്യക്തികളായിരിക്കും സമൂഹമായി മാറുന്നത്. അങ്ങനെ, സഹായം ആവശ്യമുള്ളവർക്ക് അത് ചെയ്തു കൊടുക്കാനും കണ്ടറിഞ്ഞു സഹായ ഹസ്തം നീട്ടാനും നമുക്ക് സാധിക്കണം. 'മാനവ സേവാ മാധവ സേവാ' അതായതു മനുഷ്യനെ സേവിക്കുന്നത് ഈശ്വരനെ സേവിക്കുന്നതിനു തുല്യമാണ് എന്നാണല്ലോ ഭാരതീയരായ നാം വിശ്വസിക്കുന്നത്. അതാണ് നമ്മുടെ സംസ്കാരവും. ഈ ചെറിയവനിൽ ഒരാൾക്ക് വേണ്ടി ചെയ്യുന്നത് എനിക്ക് വേണ്ടി തന്നെയാണ് ചെയ്യുന്നത് എന്നാണ് ക്രിസ്തുവും നമ്മെ പഠിപ്പിക്കുന്നത്. നമ്മുടെ നാട് വൈവിധ്യങ്ങളാൽ സമ്പന്നമാണ്. വൈവിധ്യമായ സംസ്കാരങ്ങളും ആചാര രീതികളും ഭാഷകളും സംഗമിക്കുന്ന ഭൂമിയാണ് ഭാരതം. നാനാത്വത്തിൽ ഏകത്വം എന്ന സംസ്കാരമാണല്ലോ ഭാരതത്തിന്റെ സൗന്ദര്യം. ഭാരതത്തിന്റെ ഓരോ പ്രദേശത്തിനും അവരുടെ തനതായ പാരമ്പര്യവും ചരിത്രവും സംസ്കാരവുമുണ്ട്.

## എന്താണ് SMCA ?

വൈവിധ്യങ്ങളുടെ നാടായ ഭാരതത്തിന്റെ തെക്കേ അറ്റത്തുള്ള കൊച്ചു കേരളത്തിൽ നിന്നും സൂര്യനസ്തമിക്കാത്ത ബ്രിട്ടനിലെ സുന്ദരമായ സ്ഥലമായ യോവിലിൽ കുടിയേറിയ സമൂഹത്തിന്റെ കൂട്ടായ്മയാണ് SMCA. നമ്മുടെ കേരളത്തിന്റെ തനതായ പൈതൃകവും, സംസ്കാരവും, വ്യക്തിത്വവും, മൂല്യങ്ങളും ഉയർത്തിപ്പിടിച്ചുകൊണ്ട് ബ്രിട്ടീഷ് സമൂഹത്തോടൊപ്പം ഒന്ന് ചേർന്ന് ജീവിക്കുന്നവരുടെ കൂട്ടായ്മയാണ് SMCA !

കേരളത്തിന്റെ സംസ്കാരവും ഭാഷയും തലമുറകളിലേക്ക് പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ സംഘടന ഇന്ന് നടന വൈഭത്തിലും, സ്വരമാധുരിയാലും, സർഗ്ഗശേഷിയാലും കാവ്യ ഭാവനായാലും കഴിവ് തെളിയിച്ച അംഗങ്ങളെക്കൊണ്ട് സമ്പന്നമാണ്.

## ആഘോഷ പരിപാടികൾ

2003 മുതൽ ഓരോ വർഷത്തെയും ഓണാഘോഷ പരിപാടികൾ മാവേലിത്തമ്പുരാന്റെ കാലഘട്ടത്തെ തിരികെ കൊണ്ടു വരുന്ന പ്രതീതി ഉണ്ടാക്കുന്നു. ഒരുമയുടെ സന്തോഷവുമായി ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷങ്ങൾ, വിഷു, ഈസ്റ്റർ പരിപാടികൾ, കുടുംബ കൂട്ടായ്മ, ചിൽഡ്രൻസ് ഫെസ്റ്റ് തുടങ്ങി എല്ലാ ആഘോഷങ്ങളും കേരളത്തിന്റെ പൈതൃക കലകളാലും ഗാന നൃത്ത വൈവിധ്യങ്ങളാലും രസക്കാഴ്ചകളുടെ ഉത്സവങ്ങളാണ് നമുക്ക് സമ്മാനിക്കുന്നത്. ഇതിലൂടെ സ്നേഹവും സമത്വവും സാഹോദര്യവും നമ്മുടെ കൂട്ടായ്മയിൽ നിറഞ്ഞുനിൽക്കുന്നു. സംഘടനയുടെ അക്ഷരപുണ്യമായ പ്രസാധനങ്ങൾ നമ്മുടെ ഒരുമയുടെ വിജയമാണ്. കഴിഞ്ഞ 15 വർഷങ്ങളിൽ ഈ സംഘടന ശക്തമായി തന്നെ മുന്നേറുന്നുണ്ടെങ്കിൽ അതിന്റെ പിന്നിലെ ചാലകശക്തി ഓരോ അംഗങ്ങളുടെയും ഒത്തൊരുമയും മനസ്സിന്റെ നന്മയുമാണ്. നമ്മുടെ മാതാപിതാക്കന്മാർ തിരി തെളിച്ചുതന്ന മനസ്സിന്റെ നന്മ ചുറ്റുമുള്ളവർക്കു ജാതി മത ഭാഷ വർണ്ണ ഭേതമന്യേ പകർന്നു നല്കാൻ smca യുടെ ഓരോ അംഗവും ശ്രദ്ധ ചെലുത്തുന്നു എന്നത് ശ്ലാഘനീയമാണ്.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന് അരിയും മറ്റു ഭക്ഷണ സാധനങ്ങളും ശ്രീ ജോസ് അബ്രാഹത്തിന്റെ നേതൃത്വത്തിൽ കൈനീട്ടമായി കൊടുത്തത് മാതൃകാപരമായ ഒരു കാര്യമായി SMCA യുടെ ചരിത്രത്തിൽ തങ്ക ലിപികളിൽ രേഖപ്പെട്ടിരിക്കുന്നു. അതോടൊപ്പം തന്നെ ഉമ്മൻ ജോണിന്റെ നേതൃത്വത്തിൽ യൂണിസെഫ് എന്ന ചാരിറ്റി ഓർഗനൈസേഷനും, ജോ സേവ്യറിന്റെ നേതൃത്വത്തിൽ, കേരളത്തിലെ നിർധരരും രോഗികളുമായ ചില കുടുംബങ്ങൾക്കും സാമ്പത്തീക സഹായം നൽകിയതും മാതൃകയാക്കേണ്ട കാര്യമാണ്. അങ്ങനെ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ SMCA പങ്കുചേർന്നു എന്നുള്ളത് നമുക്കോരോരുത്തർക്കും അഭിമാനപരമായ കാര്യമാണ്.

## ഇതര പ്രവർത്തനങ്ങൾ

മലയാളി അസോസിയേഷനുകളുടെ കൂട്ടായ്മയായ UUKMA യോടൊപ്പം ഇന്ന് SMCA യും ചേർന്ന് പ്രവർത്തിക്കുന്നു. ഉമ്മൻ ജോൺ, ജോ സേവ്യർ, ജിന്റോ ജോസ് എന്നിവരാണ് UUKMAയിൽ SMCA യെ പ്രതി നിധീകരിക്കുന്നവർ. 2015 ൽ UUKMA റീജിയണൽ സ്പോർട്സ് മീറ്റ് ജോ സേവ്യറിന്റെ നേതൃത്വത്തിൽ യോവിലിൽ വെച്ച് നടത്തിയത് ഏറെ അഭിമാനകരമായ കാര്യമായിരുന്നു. 2016 ൽ UUKMA നാഷണൽ സ്പോർട്സ് മീറ്റിൽ, ഓട്ടത്തിന് നാഷണൽ ലെവലിൽ ചാമ്പ്യൻ ആയ ജോസ് വർഗീസ് SMCA യുടെ അഭിമാനമായി തിളങ്ങി. UUKMA കലാ മത്സരങ്ങളിൽ പങ്കെടുത്ത ജെസ്സി ജിന്റോ, ദീപ നിവിൽ, ഗായത്രി സനൽ തുടങ്ങിയവർ നൃത്തയിനങ്ങൾക്ക് വിജയികളാകുകയും ചെയ്തിട്ടുണ്ട്.

2012 ൽ ആൻഡ്രൂസ് മൈക്കിളിന്റെ രചനയിലും സംവിധാനത്തിലും, ജോസ് അബ്രാഹത്തിന്റെ നേതൃത്വത്തിലും അരങ്ങേറിയ 'മരക്കുരിശ്'എന്ന നാടകം ഏറെ പ്രശംസ പിടിച്ചു പറ്റിയിരുന്നു. അവതരണ മികവിലും അഭിനയ വൈഭവത്തിലും ആ നാടകം തിളങ്ങി.

2012ൽ SMCAക്കു സ്വന്തമായി ഒരു അവതരണ ഗാനം ജോസ് എബ്രഹാം അണിയിച്ചൊരുക്കുകയും 2013 ൽ എല്ലാ അംഗങ്ങളെയും ഉൾക്കൊള്ളിച്ചു കൊണ്ട് ജോസ് അബ്രാഹത്തിന്റെ നേതൃത്വത്തിലും, ഷിജുമോൻ ജോസഫിന്റെ സംവിധാനത്തിലും, അവതരണ ഗാനത്തിന്റെ ഒരു വീഡിയോ വേർഷൻ നിലവിൽ വന്നതും ഏറെ ശ്രദ്ധയാകർഷിച്ചിരുന്നു. ജിന്റോ ജോസിന്റെയും ജോർജ് ജോസഫിന്റെയും പ്രയത്നത്താൽ ആ വർഷം തന്നെ പുറത്തിറങ്ങിയ 'എന്റെ' എന്ന പ്രസിദ്ധീകരണവും SMCAക്കു ഇരട്ടി മധുരമായിരുന്നു. അങ്ങനെ കഴിഞ്ഞ 15 വർഷങ്ങളും ഓർമ്മയുടെ പൂക്കാലമാണ് നമുക്ക് സമ്മാനിക്കുന്നത്.

## നമ്മുടെ തീരാനഷ്ടങ്ങൾ

എല്ലാ സന്തോഷങ്ങളോടൊപ്പവും നമുക്കുണ്ടായ 3 വലിയ നഷ്ടങ്ങൾ നമ്മെ ഓരോരുത്തരെയും എന്നും വേദനിപ്പിക്കന്നതാണ്. 2009 ൽ ഡൽഹിയിൽ വെച്ച് മരണമടഞ്ഞ സേതു മാധവൻ എന്ന ചെറുപ്പക്കാരനും, 2015 ൽ അദ്ദേഹത്തിന്റെ പിതാവ് ശ്രീ സനൽ കുമാറും, ഏറ്റവുമടുത്ത് ഈ വർഷം ഈ ലോകത്തിൽ നിന്നും കടന്നുപോയ നമ്മുടെ ആദ്യ പ്രസിഡന്റ് ശ്രീ ദിനേശ് സിപിക്കും ഹൃദയത്തിൽ നിന്നും ഓരോ SMCA അംഗങ്ങളുടെ പേരിലും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## മലയാളികളുടെ കുടിയേറ്റം

2002 2003 ൽ ആണ് യോവിലിലേക്കു ആദ്യമായി മലയാളി കുടുംബങ്ങൾ കുടിയേറാൻ തുടങ്ങിയത്. സിബി & ഷിജി, ലിങ്കൺ & മോളി , ബിജു & ഡാലിയ, ജോസ് & ട്രീസ, ജോസ് & സാനി, സജി & ജയാ, മിനി & ബെൻസൺ, ഷാജി & റാണി, ഉമ്മൻ & മിനി, ജെയ്സൺ & ട്രീസ, സെബി & മിനി, സിന്ധു & സന്തോഷ്, ബാബു & അന്നമ്മ, ദിനേശ് & മീന, ഫെലിക്സ് & ക്രിസ്ടി, ചന്ദ്രമോഹൻ & പ്രഭ, ഡോ. മാത്യു എബ്രഹാം & ജോളി, ശോശാമ്മ മാത്യു തുടങ്ങിയവർ ഈ കാലയളവിൽ ഇന്ത്യയിൽനിന്നും ഗൾഫ് രാജ്യങ്ങളിൽ നിന്നുമൊക്കെയായി ഇവിടെ എത്തിച്ചേർന്നു.

ഇത്രയും മലയാളികൾ ഒരുമിച്ചുകൂടിയപ്പോൾ, അന്നിവിടെ ഉണ്ടായിരുന്ന ഫാ. സണ്ണിപോൾ എന്ന വൈദികന്റെ നേതൃത്വത്തിൽ 2003 ൽ ആദ്യമായി ഒത്തു ചേരുകയുണ്ടായി. അതെ വർഷം വീണ്ടും ഒരു ക്രിസ്മസ്കൂട്ടായ്മ നടത്തി. അതോടുകൂടി **Yeovil Malayalee Cultural Association (YMCA)**എന്ന സംഘടനക്ക് രൂപം കൊടുത്തു.

2003-2004 വർഷം ഫാ.സണ്ണി പോൾ രക്ഷാധികാരിയായും, ദിനേശ് സി.പി. പ്രസിഡന്റ് ആയും, ബാബു വർഗീസ്സ് സെക്രട്ടറി ആയും YMCA ജൈത്ര യാത്ര ആരംഭിച്ചു.

അടുത്ത പ്രവർത്തന വർഷമായ 2004-2005 ൽ ബാബു വർഗീസ് പ്രസിഡന്റ് ആയും ജോസ് വടകര സെക്രട്ടറി ആയും തിരഞ്ഞെടുക്കപ്പെട്ടു. 2005-2006 ൽ ജോസ് വടകര പ്രസിഡന്റ് ആയും ജോസഫ് കുര്യാക്കോസ് സെക്രട്ടറി ആയും നേതൃത്വത്തിൽ വന്നു. ആ വർഷം ഇതൊരു ചാരിറ്റി ഓർഗനൈസേഷൻ ആയി രൂപീകരിക്കാൻ കൗൺസിലിൽ രജിസ്റ്റർ ചെയ്യാൻ ഒരു ശ്രമം ഉണ്ടായി. എന്നാൽ YMCA എന്ന പേര് ഒരു ഇന്റർനാഷണൽ ഓർഗനൈസേഷൻ ആയതിനാൽ മറ്റൊരു പേര് നൽകണമെന്ന് കൗൺസിലിൽ നിന്നും അറിയിച്ചത് പ്രകാരം ആ വർഷം ഈ സംഘടന Somerset Malayalees Cultural Association (SMCA) എന്ന പേരിലേക്ക് മാറ്റപ്പെട്ടതോടൊപ്പം ഉമ്മൻ ജോണിന്റെയും ജോസ് വടകരയുടെയും നേതൃത്വത്തിൽ ഒരു ബൈലോ നിലവിൽ വരികയും ജെയ്സൺ ജോസഫ് ഒരു ലോഗോ ഉണ്ടാക്കുകയും ചെയ്തു. എന്നാൽ, മാറ്റങ്ങൾ വരുത്തി ഇന്ന് കാണുന്ന SMCA ലോഗോ 2014 ൽ രൂപ കൽപന ചെയ്തിരിക്കുന്നത് ജോബി ചാക്കോയാണ്. പിന്നീടുള്ള വർഷങ്ങളിൽ കൂടുതൽ മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ നിന്നും ഇന്ത്യയിൽനിന്നും വീണ്ടും ഒഴുകിയെത്താൻ തുടങ്ങി. അതിനുശേഷം SMCA എന്ന സംഘടനയെ നയിച്ചവർ താഴെ പറയുന്നവരാണ്.



2006-07 - ജോൺസൺ സെബാസ്റ്റ്യൻ (പ്രസിഡന്റ്), ജോബി ചാക്കോ (സെക്രട്ടറി)
2007-08 - ഉമ്മൻ ജോൺ (പ്രസിഡന്റ്), ജോസ് വർഗീസ് (സെക്രട്ടറി)
2008-09 - ജോൺ ടി കല്ലൂഴത്തിൽ (പ്രസിഡന്റ്), ജോസഫ് കുര്യാക്കോസ് (സെക്രട്ടറി)
2009-10 - കുഞ്ഞുമോൻ ജോസഫ് (പ്രസിഡന്റ്), റജിഎബ്രഹാം (സെക്രട്ടറി)
2010-11 - ബിനുവർഗീസ് (പ്രസിഡന്റ്), ജോസ്എബ്രഹാം (സെക്രട്ടറി)
2011-12 - ജോൺസ് തോമസ് (പ്രസിഡന്റ്), ജെസ്സി ജിന്റോ (സെക്രട്ടറി)
2012-13 - ജോസ് വർഗീസ് (പ്രസിഡന്റ്), ഡോ. ജോബി കോട്ടൂർ (സെക്രട്ടറി)
2013-14 - ഉമ്മൻ ജോൺ (പ്രസിഡന്റ്), ജോബി ചാക്കോ (സെക്രട്ടറി)
2014-15 - ഫെലിക്സ് മൈക്കിൾ (പ്രസിഡന്റ്), ബേബിൽ പൂവക്കോട്ട് (സെക്രട്ടറി)
2015-16 - ജോസേവ്യർ (പ്രസിഡന്റ്), ജോൺസൺ സെബാസ്റ്റ്യൻ (സെക്രട്ടറി)
2016-17 - ജോബി തോമസ് (പ്രസിഡന്റ്), അനിൽ ആന്റണി (സെക്രട്ടറി)
2017-18 - ജോ സേവ്യർ (പ്രസിഡന്റ്), നിവിൽ ലോനക്കുട്ടി (സെക്രട്ടറി)
2018-19 - ഷിജുമോൻ ജോസഫ് (പ്രസിഡന്റ്), ബേബി വർഗീസ് (സെക്രട്ടറി)

2008ൽ ഫാ. സണ്ണി പോൾ ഇവിടെ നിന്നും മാറിപ്പോവുകയും പകരം ഫാ.സജി നീണ്ടൂർ രക്ഷാധികാരിയാകുകയും ചെയ്തു.

ഇന്നു വരെയുള്ള പ്രവർത്തനങ്ങളെക്കാൾ ഉപരി ഇനി വരാൻ പോകുന്ന നാളുകളിലേക്കാണ് നാം ഉറ്റുനോക്കേണ്ടതും പ്രവർത്തിക്കേണ്ടതും. ആ നാളുകളിൽ സംഘടനയുടെ മുന്നേറ്റം, യുവജനതയുടെ പങ്കാളിത്തം, കുട്ടികളുടെ വളർച്ച എന്നിവയൊക്കെ കരുതലോടെയും സജീവവുമായി മുന്നേറേണ്ടതുണ്ട്. പുതിയ തലമുറ നമ്മുടെ സംസ്കാരങ്ങളിൽ നിന്നുമകന്ന് പോകാതെ നമ്മോടൊപ്പം നിലനിർത്തേണ്ട ബാധ്യത നമുക്കോരോരുത്തർക്കുമുണ്ട്. നമ്മുടെ മനസ്സും ഒത്തൊരുമയും എന്നും നിലനിൽക്കട്ടെ. നമുക്കൊരുമിച്ചു കൈപിടിച്ചു മുന്നോട്ടു പോകാം.

# പെൺകുട്ടിയെ പ്രണയിച്ച പൂവ്

അരുണിമയാകുമോ കുഞ്ഞു ദളങ്ങൾ
മെല്ലെ പുഞ്ചിരി തൂകിയപ്പോൾ
എങ്ങോ മറഞ്ഞൊരു തെന്നൽ പോലും
ഒരു നോക്ക് കാണുവാൻ തിരികെയെത്തി..!

വണ്ടിനോ പ്രണയം, ഇളം കാറ്റിനോ കൗതുകം !
ആശ്ചര്യഭരിതനായ് കാട്ടരുവി പോലും
സൗഹൃദ ഹസ്തമായ് എത്തീ ഏവരും
കുഞ്ഞിപ്പൂവിനോ പരിഭവം ഒന്നിൽമാത്രം...

ഏവരുമാകൃഷ്ടരായെന്നിരുന്നാലും
പൂവിന്റെ നയനങ്ങൾ അവളെനോക്കി..
തന്നിദളിലും മൃദുവാകും കുഞ്ഞിക്കവിളുകൾ
കൗതുകമുണർത്തിച്ചു പൂവിലേറെ....

എന്തോ മൊഴിയുവാൻ അവളിലലിയുവാൻ
പൂവോ ഏറെ കാംക്ഷിച്ചു !
അവൾ പോലുമറിയാതെ അവൾ നിഴലാകുവാൻ
പൂവോ തപസ്സിൻ വഴിയേ നീങ്ങി

ഇനി ഇല്ല നിമിഷങ്ങൾ എൻ മുമ്പിൽ ഈജന്മം
പറയാതെ  പോയൊരെൻ ദിവ്യ പ്രണയമേ !
കാത്തിരിക്കുന്നു ഞാൻ, നിന്റേതായ് തീരുവാൻ
ഈ ഒരുജന്മം കാതോർത്തു...!



റിന്റു വർഗീസ്



# IS ACADEMIC EDUCATION ENOUGH TO SUSTAIN A FRUITFUL LIFE?






MANUEL VARGHESE BABY

70 years after the Universal Declaration of Human Rights, we do not need to be reminded that education is a basic human right, essential to the development of mankind. It is widely perceived as the element that prepares us for our jobs, to provide us with incomes necessary to support ourselves, and our families and to boost our standard of living. However, let us also remind ourselves that many pursue their education not just for the sake of it, but because they themselves have ambitions and dreams to pursue; it would be such persons that would eventually succeed. There are many bright individuals within our own community with their own academic achievements, successes. Yet I encourage all age groups of our community to reflect: Is academic education all that we need, as human beings, to change the world for the better? The answer that I am trying to proliferate, hopefully, is no; together with this, I would like to focus on other aspects that must be integrated with modern education to establish a society among our coming generations if we are to attain a life of dignity and purpose. They are: skills, cultural values, and ethical and spiritual enlightenment.

**1. SKILLS**

Education has to, as the youth start to develop, start to become more than sitting in a classroom with a notebook and pen. Nevertheless, taking notes in class is essential if we are to revise, memorise what we need to know as a preparation for our exams. This is not an excuse to not do homework, classwork, or study!

Especially as young people reach their teen ages, they need to be able to adopt new skills, that is life skills, that our juniors will require in the future to enable them cope with day to day situations that the elders of the community may presently face. These new skills will not only enrich our talents and make us employable, they will also teach us to live, thereby transforming our learning environment to something more than a classroom. How can we adopt such skills? There are many different areas:

- Extracurricular activities, e.g. sports, swimming, self defence etc. (Personally, I recommend self-defence, as it trains us how to react in the face of a threat).
- Household activities/chores. These may seem the least attractive (believe me, I know) but chances are that when we are older, nobody else may not be around or willing to do the cleaning, washing, or laundry for us!

As we move towards the late teens, it would be useful if we learned how to cook and drive. Cooking is an important skill in itself, as it makes us self-reliant in being able to feed ourselves, and it is also a skill that many employers look for

as well. Let us give our lovely, hard-working mothers a break!
Skills do not just include activities, it could also be what shapes our personality, our personal qualities. At my school there are six such qualities that are promoted among the students:

| | |
|---|---|
| **Resilience -** | **Empathy** |
| **Enquiry -** | **Creativity** |
| **Collaboration -** | **Reflectiveness** |

These qualities make us open-minded in our daily lives; it would be highly beneficial to our lives if we mastered such skills.



**2. CULTURAL VALUES**
Our culture is what defines us. Our ethnicity as Indians and Malayalees give us a strong sense of identity; after all, India is among the most culturally rich and diverse countries in the world. It also adds to the diversity of the UK, and as a community we should respect other communities and cultures also as our fellow human beings. But it can be possible for some of us to lose this sense of identity, which can affect our ability to sustain our culture over our younger generations, which I believe is dangerous for the future of the youngsters.
Our solutions must be to continually and actively practise our cultures, values and etiquettes in the family and community. In this, the parents, and elders should take responsibility in educating our young ones on our cultural values. It is by observing the elders that the children grow, of course, and they are living in an environment that hugely contrasts with the beautiful homelands where our parents grew up, therefore it is harder for the little ones to value and be educated on our culture than it was for our elders. To tackle this issue, our little ones can be taught basic knowledge of our cultural history. The Malayalam language, our mother tongue, is rarely shared by our young ones; why not teach them to speak, read and write from an early age? How can we allow them to grow in this ignorance? Similarly, older youth with an interest in politics and global affairs, can be given access to Indian news and the current affairs back home in Kerala.
If we are to sustain culture on a large scale, community life is what we need to focus on. The presence of the 50 (an increasing number) or so families in Yeovil have transformed the SMCA into a cultural hub, and our Onam, Christmas, and Easter-Vishu programmes have to a large extent succeeded in bringing us all together every few months to share in our happiness, talents and identity. But is that it? No, we still have much to improve. First of all, punctuality: let us be on time for our cultural programmes - our lateness has become a huge disappointment and a shameful thing for our community. Why delay such wonderful events, with the excuse that others would be late as well? Secondly, when our talented performers, after hours of practise and effort, perform an act before us, let us loudly and enthusiastically applaud them to show our appreciation. Parents and elders should take a lead role and set the standard of behaviour during these programmes, so that all of us can fully enjoy them. Let us sustain good habits among the children!
Let our Childrens' Fests and our Sports Meets increase in participation from our youth, strongly encourage them to take part in our programmes, so that they may be active in the community. Let these programmes have an added Indian element to them as well, for example, an Indian general knowledge quiz. Maybe we can have our national anthem played before beginning our association programmes, together with our Eeshwaraprarthana, to generate a feeling of unity and patriotism?
Come on. Let us truly reflect our strong culture amongst us, as a community effort.

3. **ETHICS, SPIRITUAL ENLIGHTENMENT**

I have often asked my parents what they wanted me to be when I am older. I cannot decide myself! But they would reply: 'You can be whoever you want to be, but my wish is that, no matter how great or small you become, you must live as a righteous man'. Thank God for such parents!


Our spirituality and faith in God will always be, what gives us human beings a sense of purpose. It is what gives us dignity and morality, in the face of many external pressures that may be forced on us in our study, work environments. This is also our culture; one may accurately say that, if we lost our faith in God, we would have lost the immense wealth that is our culture.

Our actions must be to continue actively practising our faith in God, within the family and community. If we are to sustain this, our young ones too must be involved. Parents, teachers and elders, teach them how to pray. Let our juniors understand that 'prayer' isn't a burden, it is not a household chore; rather, it is a meditation, a chance to relax and reflect with our wonderful Creator.

And when we show our rich culture, our faith and our values as a community, those around us will see the wonderful lives that we are leading despite our troubles (know that our difficulties are what keeps us closer to God) and they too will be willing to share in such a life. Can we dream of such a world?

Recently, I have read Dr APJ Abdul Kalam's book, Ignited Minds. The book is focused on igniting the creativity and energy of the youth of India (a group which I am proud to be a part of) to build a healthy, moral and prosperous nation. Dr Kalam focused on the need for spirituality among the youth for this very purpose. He says:

"Spirituality must be integrated with education. Self realization is the focus... the radiance of such minds embarked on constructive endeavour will bring peace, prosperity and bliss to the nation"



**TO CONCLUDE**

We have discussed key aspects that must be integrated with education. All members of society, of all age groups, are needed to act in these aspects if we are to realise this. Let us as a community nurture the youth and little ones so that we may be good, efficient and enlighted global citizens.

We have mentioned that education is a basic human right. Whilst we realise this, we know very well that there are still millions that only dream of what we have, can only imagine for what is easily reachable for us. We live in luxury. So, once again, to parents, teachers, elders and the youth: nurture these aspects before we lose the opportunity.

"The universe still exists because we have a lot more to achieve".



# Rollercoaster



Jesswina Raju


As I slowly climbed up the metal stairs I could already hear my heart pounding. I trembled my way into the rollercoaster. Now I'm starting to wonder why I even put it on my "Bucket List". As I put on my seatbelt. Slowly the rollercoaster started moving. The fear and the terror started climbing through my skin and the thought that I was going to die!

I closed my eyes. Shut tight so the temptation of looking down would stop, but no it didn't. Every thought, every word that people have said to me came flooding back like a you've been crushed by a heavy wave. A flood of memory swirled round my head. I took a quick glance at the girl beside me. Then came a thought rushing in "is the girl dead.?" She had her eyes closed tightly; her head flopped to one side. At first I thought she was asleep, so I nudged her but she didn't move. Then came a thought rushing in saying "you're going to die like her."

A shiver came crawling up my spine, my eyes started to close.

I started to feel weary. I knew I was going to die or survive.

My heart skipped a beat and then started pounding as fast as a cheetah chasing for it's prey. Suddenly everything went quiet. The screaming stopped and the crying, everything stopped like I just froze in time. We slowly went up the steep railings, of the death point of the rollercoaster. My life was now depending on this very moment. This is what everything was waiting for. The moment of truth.



# ഒരു ശരത്കാല രാവ്



ജിന്റോ ജോസ്

ഇരു വശത്തും കണ്ണെത്താ ദൂരത്തോളം പച്ചപ്പരവതാനി വിരിച്ച പാടം. വരമ്പിലൂടെ നടക്കുകയായിരുന്ന എന്റെ നേർക്ക് അപ്രതീക്ഷിതമായി ഒരു കൊമ്പൻ . കരിപോലെ കറുത്ത അവന്റെ കൊമ്പുകൾക്ക് തൂവെള്ളനിറം. മസ്തകത്തിന് മറ്റെങ്ങും കാണാത്ത ഒതുക്കവും ഭംഗിയും. ഏതൊരാന പ്രേമിയെയും പോലെ ഞാനും അവനെ അടിമുടി ആസ്വദിച്ചു. എന്റെ ആസ്വാദനത്തിനു തടസമായി കൊമ്പന്റെ വലുപ്പം കൂടാൻ തുടങ്ങി. ഞൊടിയിടയിൽ അവൻ ആകാശം മുട്ടെ വളർന്നു...
ഭീമാകാരനായികൊണ്ടിരിക്കുന്ന ആനയുടെ വലുപ്പമനുസരിച്ച് എന്റെ ഭയവും വളർന്നു. വട്ടം തീർത്ത് ഒളിവിതറി നിൽക്കുന്ന ചന്ദ്രമുഖത്ത് കാർമേഘം അരിച്ചിറങ്ങുന്നത് ഞാൻ കണ്ടു. ഭയത്തിന്റെ കുളിരാൽ ഞാൻ വിറച്ചു. ഓടി രക്ഷപ്പെടാൻ ഒരു ശ്രമം, പക്ഷേ, കാല് പറിച്ചുവയ്ക്കാൻ സാധിക്കുന്നില്ല. ജീവ രക്ഷാർഥം ആർത്തലച്ചു കരയാൻ ശ്രമിച്ചെങ്കിലും വാ പിളർന്നുവന്നതല്ലാതെ തൊണ്ടയിൽ ശബ്ദം കുരുങ്ങിക്കിടന്നു. വീണ്ടും വീണ്ടും ബലംപിടിച്ചപ്പോൾ ഞരമ്പുകൾ മുറുകിയതല്ലാതെ തരിമ്പും ഒച്ച പുറത്തേക്കുവന്നില്ല. എന്റെ തൊണ്ട വരണ്ടു, സിരകളിൽ മരണത്തിന്റെ തണുപ്പ് അരിച്ചുകയറി. ഹൃദയമിടിപ്പ് ചെവിയിൽ പെരുമ്പറ മുഴക്കി... ജീവിക്കണം, അതിനായി കൈകൾ തൊണ്ടയിലമർത്തി ശബ്ദം പുറത്തേക്കുവരുത്താനുള്ള അവസാനശ്രമം...

സാറേ.... ഏയ്, സാറേ.... ആരോ ദൂരെനിന്ന് വിളിക്കുന്നത് കേള്ക്കാം... ഒരുക്കൽക്കൂടി ആ ശബ്ദം കാതുകളിലേക്ക് തുളഞ്ഞിറങ്ങി... ഒപ്പം ശരീരത്തിൽ ഒരു തട്ടലും കുലുക്കവും അനുഭവപ്പെട്ടു...
ഞെട്ടിയെണീറ്റ ഞാൻ കണ്ണുതിരുമി... മുന്നിൽ റോസമ്മ ടീച്ചറിന്റെ വിടർന്ന ചിരി...
എന്തുറക്കമാ സാറേ ഇത്... കുറുകിയ ചിരിയോടെ ടീച്ചറിന്റെ ചോദ്യം...
പതിവ് പോലെയായിരുന്നെങ്കിൽ റോസമ്മ ടീച്ചറിന് കുറിക്കു കൊള്ളുന്ന ഉത്തരം കൊടുക്കാമായിരുന്നു. ആ ഉത്തരത്തിനായാണ് റോസമ്മ ടീച്ചർ ചോദിക്കുന്നതു പോലും...

ലൈബ്രറിയുടെ ചുവരിലെ ക്ലോക്കിൽ സമയം 5.15. തുറന്നപടി മുന്നിൽ വാൻഗോഗ് ഇരിക്കുന്നു. മേൽച്ചുവരിൽ തലകുത്തനേ കിടന്ന് കറങ്ങുന്നവന്റെ കൃത്രിമ കാറ്റ് വാൻഗോഗിന്റെ താളുകൾക്ക് ജീവൻ നല്കുന്നുണ്ട്. വാൻഗോഗിനെ മടക്കി തോൾ ബാഗുമെടുത്ത് ഞാൻ വരാന്തയിലേക്ക് ഇറങ്ങി. ഇറങ്ങുന്നതിനിടെ റോസമ്മ ടീച്ചറിന് ഒരു പുഞ്ചിരി സമ്മാനിച്ചു. പിന്നെ നീ സ്ഥിരം ഇരിക്കാറുള്ള ആ കസേരയിലേക്ക് വെറുതേ ഒന്നുകൂടെ നോക്കി. ഒഴിഞ്ഞ





ഹൃദയവുമായി എന്നെപ്പോലെ നിന്നെ കാത്ത് കസേരയും.

വാൻഗോഗ് ആത്മാവിൽ ഉണർത്തിയ തീക്ഷ്ണവികാരങ്ങൾ നിന്റെ ചെവിയിൽ മന്ത്രിക്കാനായി ഞാൻ രണ്ടുദിവസമായി കാത്തിരിക്കുന്നു. ദിവസങ്ങൾ പിന്നിടുന്നതോടെ മനസിന്റെ ഭാരം കൂടിവരികയാണ്. പെയ്യാൻ വെമ്പി നിൽക്കുന്ന മേഘങ്ങൾക്കിടയിലൂടെ കൊള്ളിയാന്റെ പാച്ചിൽ. ശൂന്യമായ ഇടനാഴിയുടെ ചുവന്ന കൈവരിയിൽ പിടിച്ച് നിന്നപ്പോൾ എന്റെ മനസിന്റെ വരണ്ട ഭൂമിയെയും ശരത്കാലമേഘം മെല്ലെ പുണരുന്നതു ഞാനറിഞ്ഞു.
ഭൂമിയെ പുണർന്ന് മഴത്തുള്ളികൾ ആർത്തലച്ചു. അവയ്ക്കിടയിലൂടെ നടക്കുമ്പോൾ എന്റെ മനസിൽ വാൻഗോഗ് ഉണർത്തിയ നിന്നെക്കുറിച്ചുള്ള നൊമ്പരങ്ങൾ തിരയിളകി.

റൂമിൽ എത്തിയപ്പോഴേക്കും മഴ തോർന്നു. വീണ്ടും കർക്കിടകം കലി തുള്ളിപെയ്യുകയാണ്. മഴയുടെ ശബ്ദത്തിനായി ജനാല പാളികൾ തുറന്നിട്ടു. ഇത്രയും മധുരതരമായ ശബ്ദം ഇല്ലെന്നു തോന്നിപ്പോകും. തുറന്നിട്ട ജനാലയിലൂടെ നിലാവൊളി അരിച്ചിറങ്ങി, അവ മേശപ്പുറത് ചിതറിക്കിടക്കുന്ന എന്റെ അത്മലേഖന കുറിപ്പുകളിലും കിടക്കയിലും വീണു പരന്നിരിക്കുന്നു. വീണ്ടും എന്നെത്തേടി വാൻഗോഗ് മനസിന്റെ പാളികൾ തുറന്നെത്തി.
നീ അറിയില്ലേ വാൻഗോഗിനെ...?

വിഷാദത്തിന്റെയും ഉന്മാദത്തിന്റെയും അവസാനം തന്റെ പ്രണയിനി ലഷേലിന് അവളുടെ ആവശ്യപ്രകാരം സ്വന്തം ചെവി മുറിച്ചു നല്കിയ വാൻഗോഗിനെ....

മുപ്പത്തേഴാമത്തെ വയസിൽ , ഗോതമ്പ് വയലിലെ വിജനതയിൽ , സൂര്യഗോളം പിടയുമ്പോൾ , കണ്ണുകൾ ആകാശത്തിലെക്കുയർത്തി, കൈത്തോക്ക് നെഞ്ചോടു ചേർത്ത് നിറയൊഴിച് പിടഞ്ഞു വീണു മരിച്ച എന്റെ പ്രിയപ്പെട്ട ചിത്രകാരൻ വാൻഗോഗിനെ....

അവന് പറയുമായിരുന്നു...

ജീവിതം എനിക്ക് പ്രിയപ്പെട്ടതാണ്. ഞാൻ പ്രണയിക്കുന്നു. അതിനാൽ ആഹ്ളാദിക്കുകയും ചെയ്യുന്നു. എന്റെ ജീവിതവും പ്രണയവും ഒന്നുതന്നെയാണ്. ഉരുകാൻ വേണ്ടി നെഞ്ചോട് ചേർത്ത് അമർത്തുന്നമഞ്ഞുകട്ടയാണ് പ്രണയത്തിന്റെ നിഷേധം.

മഞ്ഞുകട്ടയുടെ തണുപ്പോ, ഹൃദയത്തിന്റെ ചൂടോ ഏതാണ് വിജയിക്കുക...?

അധിനിവേശങ്ങൾ ജനതകളുടെയും രാഷ്ട്രങ്ങളുടെയും മേൽ മാത്രമാണെന്ന് ഞാൻ ഒരിക്കൽ കരുതി. അതു തെറ്റാണെന്ന് പിന്നീടുള്ള അനുഭവങ്ങൾ എനിക്ക് വെളിപ്പെടുത്തിത്തന്നു. നിന്റെ അനുവാദമില്ലാതെയുള്ള എന്റെ ഈ സംസാരവും നിലാവിനെ മറക്കുന്ന കാർമേഘവും പിന്നെ നമുക്കിടയിൽ തെളിഞ്ഞിരിക്കുന്ന തിരിനാളത്തെ അണക്കാൻ വരുന്ന ഇളം തെന്നലിലും എല്ലാം അധിനിവേശത്തിന്റെ ഒളിയമ്പുകൾ തന്നെയല്ലേ ഉള്ളത്?
കലയും, കവിതയും, പ്രണയവും !


WE NURTURE
WITH NOURISHMENT,
PASSION AND
COMPASSION
Care Crew
www.carecrewjobs.co.uk
info@carecrewjobs.co.uk
Register your details with Care Crew today
and our representative will contact you


Kumon's maths and English study programmes work to improve your child's skills, develop their confidence and inspire a passion for learning.
To unlock your child's potential, contact your local Instructor for a free assessment.
Yeovil Study Centre
Kay Tar 01935 424275
Improve your child's study skills
KUMON
Fees vary. Please refer to your local study centre.
kumon.co.uk



# കിളിവാതിൽ



ഉമ്മൻ ജോൺ

അന്ന് എത്ര ശ്രമിച്ചിട്ടും അവറാച്ചായന് ഉറങ്ങാൻ കഴിഞ്ഞില്ല. തിരിഞ്ഞും മറിഞ്ഞും കിടന്ന് രാത്രി ഒരുവിധത്തിൽ തള്ളി നീക്കാൻ ശ്രമിച്ചു. സത്യത്തിൽ അത്യദ്ധ്വാനത്തിന്റെ ക്ഷീണം ഉണ്ട്. പക്ഷേ, തന്റെ മൂത്തമകൾ അമ്മിണിക്കുഞ്ഞ് നാളെ പുലരുമ്പോൾ അമേരിക്കക്കു പോകുന്നു. രാത്രിക്ക് വല്ലാതെ നീളം കൂടുന്നുവെന്ന തോന്നൽ അവറാച്ചായനെഅലട്ടി. എന്നാൽ തൊട്ടടുത്ത് അന്നമ്മാമ്മ കൂർക്കം വലിച്ച് ഉറങ്ങുകയാണ്. പാടത്തെ പതിവു പണിയും പശുവും തൊഴുത്തിലും കൂടാതെ അന്ന് അമ്മിണിക്കുഞ്ഞിന് യാത്രാശംസകളേകാനെത്തിയ നാട്ടുകാരേയും സത്കരിക്കേണ്ടതു കൂടിയാകാം അന്നമ്മാമ്മ മരണസമാനമായ ഉറക്കത്തിലേക്ക് വീണു പോയത്. പക്ഷേ ഇടയ്ക്ക് എപ്പോഴോ ഞെട്ടി ഉണർന്നു. കോഴി കൂവിയോ എന്ന തോന്നൽ. ഇല്ല വീണ്ടും ഉറങ്ങി. നേരം പരപരാ വെളുക്കുവാൻ തുടങ്ങി. സൂര്യകിരണങ്ങൾ ഇടതൂർന്ന വൃക്ഷച്ചില്ലകളിലൂടെ അരിച്ചിറങ്ങി. ചീവിടുകളുടെ ശബ്ദം നിലച്ചു. നിലാവത്തെ കോഴി കൂവി. രണ്ടാമത്തെ കൂവലിൽ അന്നമ്മാമ്മ ചാടി എഴുന്നേറ്റു. തലയിണയിൽ ഒളിപ്പിച്ച ബൈബിൾ എടുത്തു. റാന്തൽ വിളക്ക് കൊളുത്തി സങ്കീർത്തനം തുറന്നു '"ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേയ്ക്ക് ഉയർത്തുന്നു. എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച യഹോവയിൽ നിന്ന് വരുന്നു". ബൈബിൾ അടച്ചു. കണ്ണുകൾ അടച്ച് പ്രാർത്ഥിച്ചു. വേഗം അടുക്കളയിലേയ്ക്ക് ഓടി. കട്ടൻ കാപ്പി ഇട്ടുകൊണ്ടുവന്ന് അവറാച്ചായനോട് പറഞ്ഞു. ദേ അമ്മിണിക്കുഞ്ഞിന്റെ അപ്പൻ ഉണർന്നേ, ഈ കാപ്പി കുടിച്ചേ, നേരം പുലരാറായ്. അപ്പോൾ അവറാച്ചായൻ ആത്മഗതമെന്നോണം "ഉറങ്ങീട്ട് വേണ്ടേ ഉണരാൻ." അന്നമ്മോ അറിയില്ലടോ ഒരു പോള കണ്ണ് ഉറങ്ങാൻ എനിക്കായില്ല. ഹാ സാരമില്ല. അന്നമ്മാമ്മ അമ്മിണിക്കുഞ്ഞിനെ തട്ടിയുണർത്തി. അവൾ ഉറക്കത്തിൽ ഞരങ്ങി. കോഴി കൂവി മോളേ, എഴുന്നേറ്റ് റെഡിയാകു മോളേ. ബസ് നമ്മളെ  കാത്തു നിൽക്കില്ല. അവൾ എഴുന്നേറ്റു പാതി മയക്കത്തോടെ. അവറാച്ചായൻ ട്രങ്ക് പെട്ടിയുടെ പൂട്ട് പിടിച്ചു നോക്കി. പൂട്ടിയോ എന്ന് ഉറപ്പുവരുത്തി. 501 ബാർ സോപ്പിന്റെ കട്ടിയുള്ള പെട്ടിയിൽ അമ്മിണി വർഗീസ് പള്ളിപ്പറമ്പ് എന്ന് എഴുതിയതിൽ മാറി മാറി നോക്കി. പ്രാർത്ഥിച്ച് യാത്ര അയ്ക്കാൻ കൊച്ചുകുഞ്ഞ് ഉപദേശി സമയത്തു തന്നെ വന്നു. അമ്മിണിക്കുഞ്ഞ് അതിവേഗത്തിൽ ഒരുങ്ങി വന്നു. അവറാച്ചായന്റെ ഹൃദയമിടിപ്പ് വല്ലാതെ കൂടുന്നു. പുൽപ്പായ വിരിച്ചു. ഉപദേശി അമ്മിണിക്കുഞ്ഞിനോട് അടുത്തുനിൽക്കാൻ ആവശ്യപ്പെട്ടു. "നിന്റെ ഹിതം പോലെയെന്നെ നിത്യം നടത്തിടേണമെ" എന്ന പാട്ടുപാടി അമ്മിണിക്കുഞ്ഞിന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. ആകാശത്തിന്റെയും ഭൂമിയുടെയും ഉടയ

വനെ നിന്റെ മകൾ അമ്മിണിക്കുഞ്ഞിനെനിന്റെ കൈയിൽ ഭരമേല്പിക്കുന്നു. പെട്ടെന്ന് മുറ്റത്ത് കാളമണിയുടെ ശബ്ദം. കൃത്യസമയത്തു തന്നെ ചാക്കോച്ചേട്ടൻ കാളവണ്ടിയുമായി എത്തി. അന്നമ്മാമ്മ അമ്മിണിക്കുഞ്ഞിനെ കെട്ടിപ്പിടിച്ച് നെറുകയിൽ ചുംബിച്ചു. കണ്ണുനീർ അറിയാതെ ഒഴുകി. ഇളയ കുട്ടികളെല്ലാം നല്ല ഉറക്കം. അന്നമ്മാമ്മ അനിയത്തിക്കുട്ടികളെ ഉണർത്താൻ നോക്കി. അവർ ചേച്ചിക്ക് ഉറക്കത്തിൽ യാത്രാമംഗളം നേർന്നു. മതി, മതി വിറയ്ക്കുന്ന കൈകളിൽ പെട്ടിയുമായ് അവറാച്ചായൻ മുറ്റത്തേയ്ക്കിറങ്ങി. അമ്മിണിക്കുഞ്ഞെ ഇറങ്ങാൻ നോക്ക്, ബസ് നമ്മളെ കാത്തു നിൽക്കില്ല. അമ്മച്ചിയെ കെട്ടിപ്പിടിച്ച് അവൾ വീണ്ടും കരഞ്ഞു. അനിയത്തിമാരെ തലോടി. ഉപദേശിയുടെ കരം പിടിച്ച് യാത്ര ചോദിച്ചു. കാളകൾ കുണുങ്ങിക്കുണുങ്ങി യാത്ര ആരംഭിച്ചു. നാലു മൈൽ താണ്ടിയാലേ ബസ് സ്റ്റോപ്പിലെത്തു. പുലരുമ്പോൾ ഏഴുമണിക്കുള്ള ഒരേ ഒരു ബസിൽ കൊച്ചിക്ക്, പിന്നീട് കപ്പലിൽ ബോംബയ്ക്ക്. അവിടുന്ന് വിമാനത്തിൽ അമേരിക്കക്ക്.

ന്യൂയോർക്കിലെ അംബരചുംബികളായ കെട്ടിടങ്ങളെ തൊട്ടുതൊട്ടില്ല എന്ന രീതിയിൽ വിമാനം താഴുവാൻ തുടങ്ങി. കിളിവാതിലിലൂടെ അമ്മിണിക്കുഞ്ഞ് താഴേക്ക് നോക്കി. കണ്ണുകളിൽ വല്ലാതെ ഇരുട്ടു കയറുന്നുവെന്ന തോന്നൽ. ഇല്ല പതിയെ കണ്ണുകൾ അടച്ചു പ്രാർത്ഥിച്ചു. പ്രാർത്ഥനയിൽ നിന്ന് ഉണർന്നപ്പോൾ ആളുകൾ ഓരോരുത്തരായി ഇറങ്ങുന്നു. അമ്മിണിക്കുഞ്ഞും എഴുന്നേറ്റു. പാസ്പോർട്ടും വിസയും അടങ്ങിയ ബാഗ് നെഞ്ചോട് ചേർത്തു പിടിച്ച് ഇറങ്ങി. ടെർമിനലിന്റെ ഇടനാഴികളിലൂടെ ആളുകളുടെ പരക്കം പാച്ചിൽ. മുന്നിൽ പോകുന്ന യാത്രക്കാരുടെ പുറകെ അമ്മിണിക്കുഞ്ഞും പാഞ്ഞു. ഇരുട്ടുമുറിയിൽ കൂട്ടിലിട്ടു വളർത്തിയ തത്തയെ പെട്ടെന്ന് തുറന്നുവിട്ടാൽ അത് പുറത്തേക്ക് പോകുവാൻ ഒന്നു മടിക്കും. പിന്നീട് പുറത്തേക്ക് പറക്കും. എങ്ങോട്ടെന്നില്ലാതെ, അങ്ങോട്ടും, ഇങ്ങോട്ടും താഴേക്കും മുകളിലേയ്ക്കും. കാളവണ്ടി കാളവണ്ടിയുഗത്തിൽ നിന്നും കംപ്യൂട്ടർ യുഗത്തിലേക്ക് പെട്ടെന്നുള്ള തുറന്നു വിടീൽ, അമ്മിണിക്കുഞ്ഞിന് ഇതൊന്നും വിശ്വസിക്കാനായില്ല. കെട്ടിടങ്ങളുടെ നിലകൾ എണ്ണി തിട്ടപ്പെടുത്താനുമായില്ല. 80, 90 ആകുമ്പോഴേയ്ക്കും പിടലി കഴക്കും, പിന്നെ നിർത്തും അമ്മിണിക്കുഞ്ഞ് ആസ്വദിച്ചു. എടുക്കുമ്പോൾ തന്നെ കിട്ടുന്ന ഫോട്ടോകളിൽ മതിമറന്ന് നോക്കി നിന്നു. ഇടവേളകളില്ലാതെ പണി ചെയ്തു. ഓലപുരകൾ തള്ളിയിട്ടു. വാർത്ത കെട്ടിടങ്ങൾ പണിതു. വലിയ മതിലുകൾ കെട്ടി. വീട്ടുപേർ മതിലിൽ എഴുതുവാൻ അവറാച്ചായന് ഒന്നുകൂടി ആലോചിക്കേണ്ടി വന്നില്ല. പക്ഷേ ഒരു വാലു കൂടി ചേർത്തു. പള്ളിപ്പറമ്പിൽ ബംഗ്ലാവ്.



> **സത്വം നഷ്ടപ്പെട്ട താനാരാണെന്ന് തനിയ്ക്കുപോലും തിരിച്ചറിയാനാകാതെ പഞ്ചനക്ഷത്ര നേഴ്സിംഗ് ഹോമിൽ അമ്മിണിക്കുഞ്ഞ് സുഖമായി ഉറങ്ങുന്നു.**

പാവം അമ്മിണിക്കുഞ്ഞ് ഈ പരക്കം പാച്ചിലിൽ ഇടയിലെപ്പോഴെ അവളറിയാതെ അവളുടെ സത്വം നഷ്ടപ്പെട്ടു. മലയാളം മറന്നു. മണ്ണിന്റെ മണം നഷ്ടപ്പെട്ടു. അഞ്ചു വർഷത്തിലൊരിക്കൽ വന്നു പോകുന്ന വിശ്വസിക്കാനാവത്ത, സംസ്ക്കാരമില്ലാത്ത ഒരിടത്താവളമായ് അമ്മിണിക്കുഞ്ഞിന് നാട് അനുഭവപ്പെട്ടു. ഞാൻ അവൾക്ക് മാപ്പ് കൊടുക്കുന്നു. കാരണം അവളുടെ കുതിച്ചുചാട്ടം അവിശ്വസനീയമായിരുന്നു. ആ ചാട്ടത്തിൽ ഒരു പക്ഷേ കാല് ഇടറിയേക്കാം. അത്രയ്ക്ക് അന്തരമുണ്ട് കാളവണ്ടിയും കംപ്യൂട്ടറും തമ്മിൽ.

സത്വം നഷ്ടപ്പെട്ട താനാരാണെന്ന് തനിയ്ക്കുപ്പോഴും തിരിച്ചറിയാനാകാതെ പഞ്ചനക്ഷത്ര നേഴ്സിംഗ് ഹോമിൽ അമ്മിണിക്കുഞ്ഞ് സുഖമായി ഉറങ്ങുന്നു. ഉണരുമ്പോൾ ജനലഴിയിൽ പിടിച്ചു, കിളിവാതിലൂടെ പുറത്തേയ്ക്ക് നോക്കി നിൽക്കും, ഇല പൊഴിഞ്ഞ മരങ്ങളെയും വല്ലപ്പോഴും ആശംസ കാർഡുകളുമായി വരുന്ന മക്കളേയും കാത്ത്. മറവി രോഗം അമ്മിണിക്കുഞ്ഞിന്റെ മനസ്സിനെയും ബാധിച്ചുവോ, അതും അറിയില്ല. ഇന്നലെ അമ്മിണിക്കുഞ്ഞിന്റെ മക്കൾക്ക് ഒരു ഫോൺ വിളി. എത്രയും പെട്ടെന്ന് പാരഡൈസ് കെയറിൽ എത്തുക. ആരെക്കെ എപ്പോഴെത്തി എന്നറിയില്ല. അറിയാൻ മാർഗ്ഗവുമില്ല്. കാരണം ഒഫീഷ്യൽ സീക്രട്ട് ആണ്. പക്ഷേ ഒന്നറിയാം അനാഥമായ പള്ളിപ്പറമ്പിൽ ബംഗ്ലാവിന്റെ ഗേറ്റിൽ ആരോ അയൽക്കാർ ഒരു കറുത്ത കൊടി കെട്ടിയിരുന്നു.





# ലഹരി ഒരു പ്രതിയോഗി



സ്റ്റാൻറോസ് ആന്റണി

മദ്യവും മയക്കുമരുന്നുകളും ഇന്ന് സമൂഹത്തെ കാർന്നു തിന്നുന്നു. ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ മനുഷ്യ മനസാക്ഷിയെ ഞെട്ടിക്കുന്ന എല്ലാ സംഭവങ്ങൾക്കും പിന്നിൽ ലഹരി ഒരു കരിമ്പൂച്ചയായി പതുങ്ങി കിടക്കുന്നു. മദ്യപാനിയുടെകുട്ടികൾ അപകർഷതാ ബോധംകൊണ്ട് സമൂഹത്തിൽ നിന്നും പിൻവാങ്ങേണ്ടി വരുന്നു. അതുകൊണ്ടു തന്നെ ഊർജസ്വലരായ ചെറുപ്പക്കാരെ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ലഹരിയുടെ ഉപയോഗം പരസ്യമായി നടത്തേണ്ട ഒന്നല്ല എന്ന ഔചിത്യബോധം പോലും ഇന്ന് അന്യമായി ക്കൊണ്ടിരിക്കുന്നു. മുമ്പ് ഒളിച്ചും പാത്തും പതുങ്ങിയും ആളുകൾ ലഹരി ഉപയോഗിച്ചിരുന്നെങ്കിൽ ഇന്ന് ഒരു ചായ കുടിക്കുന്ന ലാഘവത്തോടെ അവ ഉപയോഗിക്കപ്പെടുന്നു. അപ്പനും അമ്മയും സഹോദരങ്ങളുമടങ്ങുന്ന കുടുംബത്തിന്റെ മുന്നിൽ വെച്ച് തന്നെ കഞ്ചാവും ചരസ്സും അതിന്റെ ഉപോല്പന്നങ്ങളും ഉപയോഗിക്കപ്പെടുന്ന കാഴ്ച ഭയാനകമാണ്. അങ്ങനെ ഒരു മരണ സംസ്കാരത്തിന്റെ കാഹളമൂതുന്ന വേദിയായി നമ്മുടെ സാമൂഹ്യ വ്യവസ്ഥിതി മാറിക്കൊണ്ടിരിക്കുന്നു.

## ലഹരി ചരിത്രത്തിലൂടെ

ലോക ചരിത്രത്തിൽ രാഷ്ട്രങ്ങളെയാകെ വരുതിയിൽ നിർത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ടി ബ്രിട്ടൻ പോലുള്ള രാജ്യങ്ങൾ കൊളോണിയലിസത്തിന്റെ കാലത്തു അവീൻ പോലുള്ള മയക്കുമരുന്നുകൾ പല രാജ്യങ്ങളിലും അടിച്ചേൽപ്പിച്ചിരുന്നു. അക്ബർ ചക്രവർത്തിയുടെ പോലും മക്കളെ നശിപ്പിക്കുന്നതിവേണ്ടി എതിരാളികൾ മയക്കുമരുന്നുപയോഗിച്ചതായി ചരിത്രം രേഖപ്പെടിത്തിയിട്ടുണ്ട്.

കെന്നഡി കുടുംബം അമേരിക്കയിലെ പ്രബലവും പ്രസിദ്ധവുമായ കുടുംബമായപ്പോൾ ആ കുടുംബത്തെ തകർക്കുന്നതിനായി ആ കുടുംബത്തിലെ രണ്ടുകുട്ടികളെ മയക്കുമരുന്നിനടിമകളാക്കുകയും അവർ പിന്നീട് ആത്മഹത്യയിലവസാനിച്ചതായും അമേരിക്കൻ ചരിത്രം സാക്ഷിക്കുന്നു.

ലഹരി ഇത്രയൊക്കെ മാരകമെങ്കിൽ അതിന്റെ എത്ര നേരിയതോതിലുള്ള ഉപയോഗവും ആത്മഹത്യക്കു തുല്യമത്രേ! ഒരു ഉയത്തെഴുന്നേൽപ്പിനു ചിന്തിക്കാൻ പോലുമാകാത്തവിധം വികസ്വര രാജ്യങ്ങളെ ലഹരി

കൊണ്ടു മൂടുന്ന സമ്പന്ന രാജ്യങ്ങൾ ആദ്യം ഉന്നം വെയ്ക്കുന്നത് ആ രാജ്യത്തെ യുവജനങ്ങളെയത്രെ! തീയുടെ കണ്ണഞ്ചിപ്പിക്കുന്ന നിറത്തിൽ ഭ്രമിച്ചുകൊണ്ട് സ്വയം പറന്നു ചാടുന്ന ഈയ്യാം പാറ്റകളായി പ്രിയ യുവത്വമേ അധഃപതിക്കരുത് ! ലഹരിയുടെ തീരങ്ങളിൽ സ്വയം മരിക്കുന്ന മനുഷ്യ, എഴുന്നേൽക്കൂ..ചിന്തിക്കൂ..ഈ നാശത്തിലേക്കു സ്വയം എടുത്തു ചാടണോ ?




## ലഹരിയും രോഗങ്ങളും

